Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort, Thrissur - 680005, Kerala, India

27.04.2026

# ജൂബിലിയിൽ നേഴ്സിങ്ങ് ബിരുദദാന ചടങ്ങ് നടന്നു.

ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജിലെ 19-ാം ബാച്ച് ബി.എസ്.സി. നേഴ്സിങ്ങ് വിദ്യാർത്ഥികളുടേയും 9-ാം ബാച്ച് എം.എസ്.സി. വിദ്യാർത്ഥികളുടേയും ബിരുദദാന ചടങ്ങ് നടന്നു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിലിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ മിനിസ്ട്രി ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫയറിന്റെ നേഴ്സിങ്ങ് അഡ്വൈസർ ഡോ. ദീപിക സിസിൽ ഖഖാ ഉദ്ഘാടനം ചെയ്തു. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിന്റെ ഡീനും അമല നേഴ്സിങ്ങ് കോളേജിന്റെ പ്രിൻസിപ്പാളുമായ പ്രൊഫ. ഡോ. രാജി രഘുനാഥ് ബിരുദദാനം നിർവ്വഹിച്ചു. ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോയ്സൺ ചെറുവത്തൂർ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, നേഴ്സിങ്ങ് കോളേജ് പ്രിൻസിപ്പാൾ ഡോ. സി. ജൂഡി എസ്.ഐ.സി., വൈസ് പ്രിൻസിപ്പൽ ഡോ. സി. ട്രീസ ആന്റോ, നേഴ്സിങ്ങ് സൂപ്രണ്ട് സി. മെറ്റിൽഡ പോൾ, നേഴ്സിങ്ങ് സ്കൂൾ പ്രിൻസിപ്പൽ സി. റെജി അഗസ്റ്റിൻ, പി.ടി.എ. പ്രസിഡണ്ട് ജാക്സൺ ജോൺസൺ എന്നിവർ പ്രസംഗിച്ചു.